ബ്ബറിന്റെയും നാളികേരത്തിന്റെയും കൃഷിയെ കൂടി വളരെ കൂടുത ലായി ബാധിച്ചിരിക്കുകയാണ്. ഈ കൃഷികൾക്ക് തകർച്ച സംഭവിച്ചാൽ നമ്മുടെ രാജ്യത്തെ സമ്പദ്ഘടനയ്ക്കും തകർച്ചവരും. മറ്റൊരു സംസ്ഥാന ത്തിനും അങ്ങനെയുണ്ടാകില്ല. ഈ സ്ഥിതിവിശേഷം കണക്കിലെടുത്ത് ബ്ബർ ഇറക്കുമതി ചെയ്യുന്ന അവസരത്തിൽ എത്ര ഇറക്കുമതി ചെയ്യണം ന്നും റബ്ബർ വിതരണം ചെയ്യുന്ന അവസരത്തിലും റിലീസ് ചെയ്യുന്ന വസരത്തിലുമൊക്കെ അതിനുമുമ്പായി സംസ്ഥാനഗവൺമെന്റുമായി ആലോചിക്കണം. കാരണം, ഗവൺമെന്റുകൾ പലപ്പോഴും ഇത് ആവശ്യ പ്പെടുന്നു. പക്ഷെ ആവശ്യപ്പെടുന്നതിനുമുമ്പുതന്നെ വിതരണം ചെയ്തു കഴിയുന്നു. ഈ വർഷവും അതുതന്നെയാണ് സ്ഥിതി. മേലാൽ ഇതാവർത്തി ക്കാതിരിക്കുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ ഗവൺ മെന്റിന്റെ പ്രതിനിധികളും റബ്ബർ ബോർഡിലുണ്ട്.

ഡോക്ടർ ബാബു വിജയനാഥ് കമ്മീഷൻ ശുപാർശകൾ

* 101. [102] ശ്രീ. വി. കെ. രാജൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. കെ. ആർ ചന്ദ്രമോഹനൻ :
,, കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടിക വർഗ്ഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക സ്ഥിതി അടങ്ങിയിട്ടുള്ള ഡോക്ടർ ബാബു വിജയനാഥ് കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ ഇനിയും എത്ര എണ്ണം നടപ്പിലാക്കുവാനുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ; ഇവ ഇതുവരെ നടപ്പാക്കാതിരിക്കാൻ കാരണമെന്ത് ;

(ബി) ഇവ 1987 ജനുവരിക്ക് മുൻപായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇല്ലെങ്കിൽ അതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) പ്രധാനപ്പെട്ട ശുപാർശകൾ എല്ലാംതന്നെ നടപ്പിലാക്കിക്കഴിഞ്ഞു. ഉദ്യോഗങ്ങളിൽപ്പെടുന്ന പത്തു ശുപാർശകൾ കൂടി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. അവ താഴെ പറയുന്നവയാണ്. അവ അതേപടി നടപ്പിലാക്കുമ്പോൾ ചില ബുദ്ധിമുട്ടുകളുണ്ടാകും എന്നു കാണുന്നു.

(1) തണ്ടാൻ എന്ന സ്ഥാനപ്പേരോടുകൂടിയ മലബാറിലെ തണ്ടാൻമാർ യഥാർത്ഥത്തിൽ തീയ്യരായതിനാൽ മലബാറിലെ തണ്ടാൻമാരെ പട്ടികജാതി ലിസ്റ്റിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.

(2) പരീക്ഷകളിൽ തോൽക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ ത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക്, അവരുടെ പ്രത്യേക സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥ കണക്കിലെടുത്ത് ആനുകൂല്യങ്ങൾ ഉദാരമാക്കുക. പരീക്ഷാഫീസ് ഇളവ് മൂന്നുവർഷത്തിനുള്ളിൽ രണ്ടുപ്രാവശ്യത്തേക്ക് എന്നുള്ളത് അഞ്ചു വർഷത്തിനുള്ളിൽ നാലു പ്രാവശ്യത്തേക്ക് എന്നാക്കി മാറ്റുക.

LIBRARY ARCHIVES Kerala Legislative Assembly

(3) വിദേശങ്ങളിൽ ഉന്നത വിദ്യാഭ്യാസം നടത്തുവാൻ അവസരങ്ങളുണ്ടാകുമ്പോൾ അതിൽ പത്തു ശതമാനം പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കായി സംവരണം ചെയ്യുക, ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് സാമ്പത്തിക സഹായം നൽകുമ്പോൾ, ആയവർ ഒരു ക്ലിപ്തകാലം ഗവൺമെൻറിനെ സേവിച്ചുകൊള്ളാമെന്ന് കരാറിലേർപ്പെടേണ്ടതുമാണ്.

(4) ഗാന്ധിജി വിഭാവനം ചെയ്ത അടിസ്ഥാനവിദ്യാഭ്യാസ തത്വത്തിലധിഷ്ഠിതമായ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സമ്പ്രദായങ്ങൾ ആവിഷ്ക്കരിക്കുക.

(5) പട്ടികജാതിയിൽപ്പെട്ടവർക്ക് ഗവൺമെൻറ്-പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനത്തിലുള്ള സംവരണം പത്തുശതമാനം ആയി വർദ്ധിപ്പിക്കുന്നതിനോടൊപ്പം പട്ടികവർഗ്ഗക്കാർക്കുള്ള സംവരണം ഇന്നത്തെ രീതിയിൽത്തന്നെ രണ്ടുശതമാനമായി തുടരുകയും വേണം.

(6) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട വിവിധ സമുദായങ്ങളിൽ സംവരണലക്ഷ്യം തേടിയവരെയും ലക്ഷ്യത്തിൽ എത്താത്തവരെയും പ്രത്യേക ഗ്രൂപ്പുകളായി പരിഗണിച്ച് സംവരണ ശതമാനം വേറെവേറെ നിജപ്പെടുത്തുക.

(7) ഒരു ഗ്രൂപ്പിൽ ഒരു പ്രത്യേക തസ്തികയിലേക്കുള്ള നിയമനത്തിന് വേണ്ടത്ര യോഗ്യത തികഞ്ഞ ഉദ്യോഗാർത്ഥികളെ കിട്ടാതിരുന്നാൽ മറ്റു ഗ്രൂപ്പിൽ നിന്നും താൽക്കാലിക നിയമനം നടത്തി ഭാവിയിൽ നടത്തുന്ന നിയമനങ്ങളിലൂടെ ആ വ്യത്യാസം നികത്തണം.

(8) പൗരാവകാശം സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളെക്കുറിച്ച് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളെ ബോധവാൻമാരാക്കുകയും തൊട്ടുകൂടായ്മക്കെതിരെയുള്ള കേസുകളിൽ പെട്ടെന്ന് തീർപ്പുണ്ടാകാൻ വേണ്ട പ്രത്യേക കോടതികൾ ആരംഭിക്കുകയും ചെയ്യുക.

(9) കോർപ്പറേഷൻറെ നിലവിലുള്ള വ്യവസ്ഥകളനുസരിച്ച് കൃഷിഭൂമി ഓരോ വ്യക്തിക്കും പ്രത്യേകം വാങ്ങുന്നത് പ്രായോഗികമല്ലാത്തതിനാൽ, വിസ്തൃതമായ കൃഷിഭൂമി വാങ്ങി പലർക്കായി വിതരണം ചെയ്യുക.

(10) വായ്പകൾ നൽകുന്ന ഒരു സ്ഥാപനം എന്ന നിലയിൽ നിന്നുമാറി ഹരിജനങ്ങൾക്ക് പങ്കാളിത്തം നൽകുന്ന വ്യാവസായിക സംരംഭങ്ങളും സ്ഥാപനങ്ങളും ആരംഭിക്കുവാനുള്ള ഒരു സാഹചര്യം കോർപ്പറേഷനിലുണ്ടാകുക.

(ബി, സി) ഇനിയും വിവിധ വശങ്ങൾ പരിശോധിക്കേണ്ടതുള്ളതുകൊണ്ട് 1987 ജനുവരിക്കുമുമ്പ് സാദ്ധ്യമാവുകയില്ല.

ശ്രീ. വി. കെ. രാജൻ സർ, ഭരണഘടന അനുശാസിക്കുന്നത് പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾക്ക് ജനസംഖ്യാനുപാതികമായ സംവരണം ഏർപ്പെടുത്തണമെന്നാണ്. നമ്മുടെ സംസ്ഥാനത്തിൽ 1981-ലെ സെൻസസ് പ്രകാരം പതിനൊന്നു ശതമാനത്തിലേറെ, പന്ത്രണ്ടു ശതമാനത്തിനു സമീപം താഴെയായിട്ടാണ്, ഹരിജനങ്ങളായ പട്ടികജാതി-പട്ടികവർഗ്ഗക്കാരുള്ളത്. അതിൻറെ അടിസ്ഥാനത്തിൽ ഇന്ന് നിലവിലുള്ള സംവരണ ശതമാനം ഈ വിഭാഗത്തിന് വർദ്ധിപ്പിച്ചു കൊടുക്കുവാൻ തയ്യാറാകുമോ ?

ശ്രീ. കെ. കരുണാകരൻ : അത് ഓരോ സംസ്ഥാനത്തിലേയും കണക്കല്ല. മൊത്തമായിട്ട് ഇൻഡ്യയിലെ ജനസംഖ്യ എടുത്തിട്ട് അതിൻറെ അടിസ്ഥാനത്തിലാണ് റിസർവ്വ് ചെയ്യുന്നത്. അതു പന്ത്രണ്ടു ശതമാനമാക്കി വർദ്ധിപ്പിക്കുവാനുള്ള അവകാശം നമുക്കില്ല. കേന്ദ്ര ഗവൺമെൻറ് ഭരണഘടനാ ഭേദഗതിയിലൂടെ ചെയ്യേണ്ട കാര്യമാണ് അത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. രാജൻ :. സംവരണതത്വം മാറ്റു സ്ഥാനങ്ങളിലൊക്കെ വർദ്ധിപ്പിച്ചുകൊടുക്കുന്നത് നമ്മളെ പത്രങ്ങളിലൊക്കെ വായിക്കുന്നുണ്ട്. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഈ സംവരണ ശതമാനം വർദ്ധിപ്പിക്കാമെന്ന് ഒരിക്കൽ പറഞ്ഞു. അതുകൊണ്ട് സംവരണ ശതമാനം വർദ്ധിപ്പിച്ച് ആനുപാതികമായി അർഹതപ്പെട്ടവർക്ക് അതിന്റെ ആനുകൂല്യം കൊടുക്കുവാൻ തയ്യാറാകുമോ എന്ന് മുഖ്യമന്ത്രി സത്യസന്ധമായി പറയണം.

ശ്രീ. കെ. കരുണാകരൻ : ഗവൺമെന്റിന് അക്കാര്യത്തിൽ സന്തോഷമേയുള്ളു. അത് പരിശോധിച്ച് എന്തു ചെയ്യാൻ കഴിയുമെന്നുള്ളത് ചെയ്യുന്നതാണ്.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : ഡോക്ടർ ബാബു വിജയനാഥ് കമ്മിഷൻ റിപ്പോർട്ടിൽ ഉദ്യോഗ നിയമനങ്ങളിൽ ഉപസംവരണം ഏർപ്പെടുത്തണമെന്ന് ഒരു നിർദ്ദേശമുണ്ട്. ആ നിർദ്ദേശം സർക്കാർ നടപ്പിലാക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. കരുണാകരൻ : അത് നടപ്പിലാക്കുന്നതുകൊണ്ട് വളരെയധികം കോംപ്ലിക്കേഷൻസ് ഉണ്ടാകും. ഈ ഉപജാതിയിൽത്തന്നെ വളരെയധികം ഇനങ്ങളുണ്ട്. അവ ഓരോന്നിനും നിശ്ചയിക്കുവാൻ പ്രയാസമുണ്ട്. അതുകൊണ്ട് ഇന്നത്തെ നില തുടരുകയായിരിക്കും ഭേദമെന്നാണ് കരുതുന്നത്.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : പ്രത്യേകിച്ച് ഒരു ജാതിയെടുത്തല്ല ഡോക്ടർ ബാബു വിജയനാഥ് ആ കമ്മിഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. ഗ്രൂപ്പായി തിരിച്ചിട്ട് കുറെ ജാതികളെ ഓരോ ഗ്രൂപ്പിലുംപെടുത്തി ആ ഗ്രൂപ്പ് ഇന്നത്തിൽ നിന്ന് ഉപസംവരണം ഏർപ്പെടുത്തണമെന്നാണ്. അത് ഗവൺമെന്റ് പരിഗണിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : ഒരു ഉപജാതിയെ മറ്റൊരു ഉപജാതിയുടെ ഗ്രൂപ്പിൽപ്പെടുത്തുന്നതിന് എതിർപ്പുണ്ട്. ഇതിൽ എന്തെങ്കിലും പ്രായോഗികമായി ചെയ്യാൻ സാധിക്കുമെങ്കിൽ അത് പരിശോധിക്കാം.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ നിർദ്ദേശം വായിച്ച് കാണുകയില്ലെന്നാണ് എനിക്ക് തോന്നുന്നത്. ഒരു ജാതിയെ മറ്റൊരു ജാതിയിൽപ്പെടുത്തിയല്ല ഗ്രൂപ്പായിപ്പെടുത്തിയിട്ടുള്ളത്. റിസർവേഷൻ നടപ്പിലാക്കിയ കൂട്ടത്തിൽ ഏറ്റവും കുറവായി സംവരണ ശതമാനം പാലിച്ചുകൊണ്ട് ചില സമുദായക്കാരെ ഉദ്യോഗത്തിൽ നിയമിച്ചിട്ടുണ്ട്. അത്തരം ജാതിക്കാരെയാണ് ഗ്രൂപ്പായി തിരിച്ചിട്ടുള്ളത്. ചില സമുദായങ്ങൾക്ക് പത്തു ശതമാനം കിട്ടിയിട്ടുണ്ട്. ചിലർക്ക് എട്ടു ശതമാനവും ചിലർക്ക് ഏഴുശതമാനവും ചിലർക്ക് ഒരു ശതമാനവും ചിലർക്ക് ഒന്നും കിട്ടാതെയും ഉണ്ട്. അങ്ങനെയാണ് ഗ്രൂപ്പായി തിരിച്ചിട്ടുള്ളത്. അങ്ങനെ ഗ്രൂപ്പ് തിരിച്ചുകൊടുക്കുന്ന നിർദ്ദേശം പരിഗണിക്കാമോ ?

ശ്രീ. കെ. കരുണാകരൻ : ഹരിജനങ്ങളിൽത്തന്നെ വളരെയധികം ഉപജാതികളുണ്ട്. ആ ഉപജാതിയിൽത്തന്നെ ഒന്നിനൊന്ന് യോജിക്കുന്നതിന് എതിരാണ്. അവർ എനിക്ക് നിവേദനവും തന്നിട്ടുണ്ട്.

ശ്രീ. കെ. ടി. കുമാരൻ : ഡോക്ടർ ബാബു വിജയനാഥിന്റെ റിപ്പോർട്ടിനെ സംബന്ധിച്ച് പത്ത് ഇനങ്ങളിൽ തീരുമാനമെടുക്കുവാൻ കഴിഞ്ഞിട്ടില്ലെന്ന് ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ഡോക്ടർ ബാബു വിജയനാഥ് കമ്മിഷൻ റിപ്പോർട്ടിൽ എന്തൊക്കെ വ്യവസ്ഥകളാണ് ശുപാർശ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ : ആ റിപ്പോർട്ടു പ്രകാരം ഗവൺമെൻറ് പബ്ലിഷ് ചെയ്തിട്ടുള്ളതിനുപുറമെ .....മുഴുവനും വായിക്കുവാൻ എനിക്ക് വിരോധമില്ല. പക്ഷെ സമയക്കുറവുകൊണ്ട് വായിക്കുന്നില്ല.

ശ്രീ. കെ. ടി. കുമാരൻ : പത്തിനങ്ങളും നടപ്പിൽ വരുത്തുന്ന സന്ദർഭത്തിൽ പ്രയാസമുണ്ടാകുമെന്ന് പറഞ്ഞു അതുകൊണ്ട് ഇതുപോലെതന്നെ നടക്കട്ടെ എന്ന് ഗവൺമെൻറ് തീരുമാനിച്ചു കഴിഞ്ഞുവെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. എന്താണ് പ്രയാസങ്ങളെന്നുള്ളത് ഈ സമ്മേളനത്തിൽ ചർച്ച ചെയ്യുന്നതിനുവേണ്ടി, എല്ലാ മെമ്പർമാരുടെയും അഭിപ്രായങ്ങളും രേഖപ്പെടുത്തുന്നതിനുവേണ്ടി, ഒരു ചർച്ചയ്ക്ക് സമയം കണ്ടെത്തുവാനുള്ള നടപടികളും സ്വീകരിക്കാമോ ? ഈ പത്തിനങ്ങളിൽ മാത്രമല്ല, റിപ്പോർട്ടിനെ സംബന്ധിച്ചുതന്നെ ചർച്ച ചെയ്യുന്നതിനുവേണ്ടി സമയം കണ്ടെത്തുവാൻ തയ്യാറാകുമോ ?

ശ്രീ. കെ. കരുണാകരൻ : ഇതിന്റെ പ്രായോഗികതയെക്കുറിച്ച് പരിശോധിക്കാൻ വേണ്ടി അവരുടെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ ചർച്ച ചെയ്യാൻ വിരോധമില്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ : പട്ടികജാതി പട്ടികവർഗ്ഗക്കാരെ സംബന്ധിച്ചിടത്തോളം സാമ്പത്തികമായി അവർക്ക് പ്രതികൂലമായ ചില വ്യവസ്ഥകളും ഉന്നത വിദ്യാഭ്യാസ രംഗത്ത് നിലവിലുണ്ട്. ഒരു പട്ടികജാതിക്കാരൻ കേരളാ യൂണിവേഴ്സിറ്റിയിൽ എം. ഫിൽ കോഴ്സിന് അപേക്ഷിച്ചപ്പോൾ യൂണിവേഴ്സിറ്റിയിൽ നിന്ന് കിട്ടിയ മറുപടി ഉന്നത വിദ്യാഭ്യാസ രംഗത്ത് പട്ടികജാതിക്കാർക്ക് റിസർവേഷനില്ലെന്നാണ്. എന്നാൽ അതേ അവസരത്തിൽ ജവഹർലാൽ നെഹ്രു യൂണിവേഴ്സിറ്റിയിൽ ഉന്നത വിദ്യാഭ്യാസരംഗത്ത്, എം. ഫിൽ കോഴ്സിനും ആയാലും പോസ്റ്റ് ഗ്രാഡുവേഷൻ കോഴ്സിനായാലും പട്ടികജാതിക്കാർക്ക് പത്തിലൊന്ന് സീറ്റ് റിസർവ്വ് ചെയ്തിട്ടുണ്ട്. കേരളാ യൂണിവേഴ്സിറ്റിയിൽ ഇങ്ങനെ ചെയ്തിട്ടില്ലെങ്കിൽ പട്ടികജാതിക്കാർക്ക് ഉന്നതവിദ്യാഭ്യാസ രംഗത്ത് പ്രാതിനിധ്യം കിട്ടുന്നതിനുവേണ്ടി ആവശ്യമായ നടപടികളും എടുക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി യൂണിവേഴ്സിറ്റിയോടും ബന്ധപ്പെട്ട അധികൃതരോടും ശുപാർശ ചെയ്യാമോ ?

ശ്രീ. കെ. കരുണാകരൻ : അത് യൂണിവേഴ്സിറ്റിയാണ് തീരുമാനിക്കേണ്ടത്. തീർച്ചയായും ഞാൻ അവരുമായി സംസാരിക്കാം.

ശ്രീ. എം. കെ. കേശവൻ : ഡോക്ടർ ബാബു വിജയനാഥ് കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരളത്തിലെ പുലയർ മഹാസഭയുടെ ഒരു വലിയ പ്രകടനം ഈ സംസ്ഥാനത്ത് നടത്തി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അവർ ഒരു നിവേദനം കൊടുക്കുകയും ചെയ്തു. അവർ പ്രധാനമായും ഇന്നത്തെ സംവരണ ശതമാനം ജനസംഖ്യാനുപാതികമായി പതിനഞ്ചു ശതമാനമായി പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും ഉയർത്തണമെന്ന ആവശ്യം ഉന്നയിച്ചു. ഈ നിവേദനത്തെക്കുറിച്ച് ഗവൺമെൻറ് ആലോചിച്ചിട്ടുണ്ടോ ?. അതിൽ എന്തെങ്കിലും തീരുമാനപ്പെടുത്തിട്ടുണ്ടോ ?

ശ്രീ. കെ. കരുണാകരൻ : ഇന്നുള്ള റിസർവേഷൻ പുനഃപരിശോധിക്കുന്ന കാര്യത്തിൽ ചില സംസ്ഥാനങ്ങളും ആരംഭിച്ചിട്ടുള്ള നടപടി പിന്നോക്കപോകുമെന്നു കണ്ട സാഹചര്യത്തിൽ സ്വയം നിർത്തിവയ്ക്കുകയുണ്ടായി. കേരള സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇൻഡ്യാ ഗവൺമെൻറിന്റെ ഗൈഡ്ലൈൻസിനു വിധേയമായി അവ പൊതുവായി തീരുമാനിക്കുന്ന അവസരത്തിൽ പുനഃപരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. വരദൻ : சர், தமிழ் பேசக்கூடிய தோட்டம் தொழிலாளர்களான அட்டவணை ஜாதியினருக்கு ஒரு சதமானம் ரிசர்வேஷன்கூட இடைப்பதில்லை. அவர்களுக்கு வேறு எந்த வேலையும் கிடைப்பதில்லை. அதைக்குறித்து நான் அமைச்சர் அவர்களுக்கு ஒரு விண்ணப்பம் தந்தால் அதன்மீது நடவடிக்கை எடுப்பார்களா ?

ശ്രീ. കെ. കരുണാകരൻ : തീർച്ചയായിട്ടും തമിഴ് സംസാരിക്കുന്നതുകൊണ്ട് ഹരിജനങ്ങൾക്ക് ആനുകൂല്യം കിട്ടാതിരിക്കുവാനുള്ള അവസരമുണ്ടാകരുത്. ബഹുമാനപ്പെട്ട മെമ്പർ അതിനെ സംബന്ധിച്ചുള്ള വിവരം അറിയിച്ചാൽ ഗവൺമെൻറ് അനേഷിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. സി. കെ. തങ്കപ്പൻ : ഇവിടെ പ്രത്യേക ഗ്രൂപ്പുകളെ സംബന്ധിച്ചാണ് ചോദ്യം. നമ്മുടെ പട്ടികജാതിക്കാരുടെയും പട്ടിക വർഗ്ഗക്കാരുടെയും ഇടയിൽ പറയിപെറ പന്തിരുകുലം എന്ന പന്ത്രണ്ടു കുലമുണ്ടായിരുന്നു. അതിൽ മേഴത്തൂർ അഗ്നിഹോത്രിയും രപകൻ ഉളിയന്നൂർ തച്ചനും വള്ളുവനും ഉണ്ട്. ആ വള്ളുവനും ചാത്തനും പാക്കനാരും പ്രതിനിധാനം ചെയ്യുന്ന, അവരെ വളർത്തിയ സമുദായങ്ങളും കേരളത്തിലുണ്ട്. അവരെ പ്രത്യേകം കണ്ടുപിടിച്ച് ഗ്രൂപ്പായി തിരിച്ച് സഹായിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ ?

ശ്രീ. കെ. കരുണാകരൻ : കേരളത്തിൽ ഹരിജനങ്ങളോട് വിവേചനം കാണിച്ചു എന്ന ആക്ഷേപം ഉണ്ടാകരുത്.

തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് സമിതികൾ

* 102 [104] ശ്രീ. എ. സി. ഷൺമുഖദാസ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് സമിതികളുടെ അഭാവം വികസന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുവെന്ന കാര്യം ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം) ഇല്ല.

ശ്രീ. എ. സി. ഷൺമുഖദാസ് : പഞ്ചായത്ത് തെരഞ്ഞെടുപ്പ് എന്നു നടത്താനാണ് ഇപ്പോൾ ഗവൺമെൻറ് ഉദ്ദേശിക്കുന്നത് ? അതിനുവേണ്ടി എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് പറയുവാൻ ദയവുണ്ടാകുമോ ?

ശ്രീ. സി. എം. സുന്ദരം : പഞ്ചായത്ത് തെരഞ്ഞെടുപ്പ് എപ്പോൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് ചോദിച്ചാൽ, അതിൻറെ നടപടി ക്രമങ്ങൾ എല്ലാം പൂർത്തിയാകുന്ന സാഹചര്യത്തിൽ നടത്തും എന്നാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീ. എ. സി. ഷൺമുഖദാസ് : ഇതു സംബന്ധിച്ച് ഇപ്പോൾ ഡിപ്പാർട്ടുമെൻറ് എന്തെങ്കിലും നടപടി ക്രമങ്ങൾ സ്വീകരിക്കുന്നുണ്ടോ ? സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് പറയാമോ ?

ശ്രീ. സി. എം. സുന്ദരം : തെരഞ്ഞെടുപ്പ് നടത്താനുള്ള എല്ലാ നടപടികളും നടന്നുവരുന്നുണ്ട്. 1981-ലെ സെൻസസ് മുതലുള്ള നടപടിക്രമങ്ങൾ എല്ലാം വളരെ കാര്യമായി ഇതിനുമുമ്പും വിശദീകരിച്ചതാണ്. ആവശ്യമാണെങ്കിൽ ഇനിയും വിശദീകരിക്കുവാൻ തയ്യാറാണ്.

LIBRARY ARCHIVES Kerala Legislative Assembly